"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് - അച്ചടി - ഇലക്ട്രോണിക് മീഡിയ എംപാനൽമെന്റ് - പരാതി പരിഹാരം എന്നിവയ്ക്ക് വേണ്ടിയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി. ഓൺലൈൻ മാധ്യമങ്ങളുടെ എൻലിസ്റ്റ്മെന്റ് - വിഷയ വിദഗ്ധനെക്കൂടി ഉൾപ്പെടുത്തി കമ്മിറ്റി പുനഃസംഘടിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.185/2021/ഐ & പി.ആര് തീയതി,തിരുവനന്തപുരം, 22/11/2021

---

പരാമർശം:- 1. 23.09.2017 -ലെ സ.ഉ (സാധാ) നമ്പർ 287/2017/ഐ& പി.ആർ.ഡി

2. 07.01.2019-ലെ സ.ഉ (അച്ചടി) നമ്പർ 1/2019/ഐ& പി.ആർ.ഡി

3. 29.05.2019-ലെ സ.ഉ (സാധാ) നമ്പർ 84/2019/ഐ& പി.ആർ.ഡി

4. 10.08.2021-ലെ സ.ഉ (സാധാ) നമ്പർ 126/2021/ഐ& പി.ആർ.ഡി

ഉത്തരവ്

അച്ചടി -ഇലക്ട്രോണിക് മാധ്യമങ്ങളുടെ പരസ്യനിരക്കുകൾ ശാസ്ത്രീയമായി പരിഷ്കരിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുവാൻ പരാമർശം (1) പ്രകാരം രൂപീകരിച്ച സമിതിയുടെ റിപ്പോർട്ടിലെ ശിപാർശകൾ അംഗീകരിച്ച് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് അനുസരിച്ച് അച്ചടി -ഇലക്ട്രോണിക് മാധ്യമങ്ങളുടെ എംപാനൽമെന്റ്, പരാതിപരിഹാരം എന്നിവയ്ക്കായി പരാമർശം (3) പ്രകാരം ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയെ നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പരാമർശം (4) പ്രകാരം ഐ & പി ആർ ഡയറക്ടർ ചെയർമാനായും, അഡീഷണൽ ഡയറക്ടർ (ജനറൽ) കൺവീനറായും, അഡീഷണൽ ഡയറക്ടർ (ഇ.എം.ഡി), ഡെപ്യൂട്ടി ഡയറക്ടർ (പരസ്യം & മാർക്കറ്റിംഗ്) എന്നിവർ മെമ്പർമാരായി പുനഃസംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

അച്ചടി - ഇലക്ട്രോണിക് മാധ്യമങ്ങളുടെ എംപാനൽമെന്റിനും പരാതി പരിഹാരത്തിനും വേണ്ടി പൊതുവായുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഓൺലൈൻ മാധ്യമങ്ങളുടെ എംപാനൽമെന്റിനായി വിഷയ വിദഗ്ദനായ കേരള പോലീസ് സൈബർ

ഡോം ഡെപ്യൂട്ടി കമാണ്ടർ (honorary) ആയ ശ്രീ. ജയകുമാർ.കെ യെ കൂടി ചുമതലപ്പെടുത്തുന്നതിന് നിർദ്ദേശിക്കുകയുണ്ടായി.

ഈ സാഹചര്യത്തിൽ അച്ചടി - ഇലക്ട്രോണിക് മീഡിയ എംപാനൽമെന്റ് - പരാതി പരിഹാര സ്റ്റാന്റിംഗ് കമ്മിറ്റിയെ ചുവടെപ്പറയും പ്രകാരം പുനഃസംഘടിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | |
|---|---|---|
| 1 | ഡയറക്ടർ, ഐ & പി ആർ ഡി | ചെയർമാൻ |
| 2 | അഡീഷണൽ ഡയറക്ടർ (ജനറൽ) | കൺവീനർ |
| 3 | അഡീഷണൽ ഡയറക്ടർ (ഇ.എം.ഡി) | മെമ്പർ |
| 4 | ഡെപ്യൂട്ടി ഡയറക്ടർ (പരസ്യം & മാർക്കറ്റിംഗ്) | മെമ്പർ |
| 5 | ശ്രീ. ജയകുമാർ.കെ<br>Deputy commander (Honorary)<br>Kerala Police Cyberdome | മെമ്പർ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീന.എ.എൻ
ഡെപ്യൂട്ടിസെക്രട്ടറി

ശ്രീ. ജയകുമാർ.കെ, ഡെപ്യൂട്ടി കമാണ്ടർ, കേരള പോലീസ് സൈബർ ഡോം
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്
വകുപ്പ് സെക്രട്ടറിയുടെ സി.എയ്ക്ക്
ഡി.പി.ആർ ന്റെ സി.എ യ്ക്ക്
വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയ്ക്ക്
ഐ & പി ആർ ഡി അഡീഷണൽ ഡയറക്ടർ (ജനറൽ)
ഐ & പി ആർ ഡി അഡീഷണൽ ഡയറക്ടർ (ഇ.എം.ഡി)
ഐ & പി ആർ ഡി ഡെപ്യൂട്ടി ഡയറക്ടർ (പരസ്യം & മാർക്കറ്റിംഗ്)
ഇൻഫർമേഷൻ ഓഫീസർ (അച്ചടി , ഇലക്ട്രോണിക്)
ഇൻഫർമേഷൻ ഓഫീസർ (പരസ്യം & മാർക്കറ്റിംഗ്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

o/c